(എഫ്) മേൽ പറഞ്ഞ ഭൂവുടമകളുടെ നിവേദനം ബോർഡ് പരിശോധിച്ചു വരുന്നു.

ഇരിക്കൂർ മണ്ഡലത്തിലെ ചീത്തപ്പാറ ട്രൈബൽ കോളനിയിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ നടപടി

22 [3366] ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജകമണ്ഡലത്തിലെ പയ്യാവൂർ പഞ്ചായത്തിൽപ്പെട്ട ചീത്തപ്പാറ ട്രൈബൽ കോളനിയിലെ വൈദ്യുതീകരണ പ്രവൃത്തികൾ ഏത് ഘട്ട ത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ പ്രവൃത്തി എന്നാണ് ആരംഭിച്ചത്;

(സി) വൈദ്യുതി കണക്ഷൻ നൽകിയോ; എങ്കിൽ എത്ര വീടുകൾക്ക് കണക്ഷൻ നൽകിയെന്ന് വ്യക്തമാക്കാമോ;

(ഡി) കോളനി വൈദ്യുതീകരണം എന്ന് പൂർത്തികരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോളനി വൈദ്യുതീകരണം സംബന്ധിച്ച ലൈൻവർക്ക് പൂർത്തികരിച്ചിട്ടുണ്ട്.

(ബി) 24-5-2004.

(സി ആന്റ് ഡി) ഗുണഭോക്താക്കൾ വൈദ്യുതി കണക്ഷനുവേണ്ടി അപേക്ഷ നല്കിയിട്ടില്ല. വൈദ്യുതി കണക്ഷന് വേണ്ട അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സർവീസ് കണക്ഷൻ നൽകുന്നതാണ്.

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, അത്തോളി, പുതിയങ്ങാടി എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമറുകൾക്ക് പുതുതായി നിർദ്ദേശം

23 [3367] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, അത്തോളി, പുതിയങ്ങാടി മേജർ വൈദ്യുതി സെക്ഷനുകളിൽ എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly